**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 237 12/03/2020-ൽ മറുപടിക്ക്

**തൊഴിൽ വകുപ്പിന് കീഴിൽ വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.അബ്ദുൽ ഹമീദ്.പി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിൽ ഉന്നത പഠനത്തിന് സഹായകമാകുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ഉന്നതപഠനത്തിന് സഹായകരമാകുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**കരിയർ ഡവലപ്പ്മെന്റ് സെന്റർ**<br>ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്ന ഉദ്ദേശത്തോടെ 2016-17 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതി.<br>**ധനുസ്**<br>ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയതലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലും ഉള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയാണ് ധനുസ്സ്.<br>**കരിയർ ജാലകം**<br>സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വഴികാട്ടിയായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | വൊക്കേഷണൽ ഗൈഡൻസ് വിഭാഗം തയ്യാറാക്കിയ ലഘുലേഖയാണ് കരിയർ ജാലകം. ഈ ലഘുലേഖയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി തലങ്ങളിലെ പഠനത്തിനു ശേഷമുള്ള വിവിധ കോഴ്സുകളെക്കുറിച്ചും ലഭ്യമായ തൊഴിലവസരങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.<br>1. **യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ**<br>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ മുഖേന ഉന്നത പഠനത്തിന് സഹായകമാകുന്ന വിധത്തിൽ UGC/NET/JRF പരീക്ഷാ പരിശീലന പരിപാടികൾ നടത്തി വരുന്നു.<br>ഇതു കൂടാതെ ഐ.ടി.ഐ.കളിൽ വിജയകരമായി പരിശീലനം പൂർത്തിയായവർക്ക് National Institute of Open School (NIOS) മുഖേന പ്ലസ് ടു തുല്യത നേടാവുന്ന പദ്ധതി തെരഞ്ഞെടുത്ത ഐ.ടി.ഐ.കൾ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | ഇപ്രകാരമുള്ള പദ്ധതികൾക്ക് അർഹരായവരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ മുഖേനയുള്ള സേവനങ്ങൾ, കരിയർ ജാലകം എന്നിവ ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും സൗജന്യമായിട്ടാണ് ലഭ്യമാക്കുന്നത്.<br>ധനുസ്സിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിലെ മാർക്ക്, പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ്.<br>**National Institute of Open School (NIOS)** മുഖേന പ്ലസ് ടു തുല്യത നേടാവുന്ന പദ്ധതിക്ക് ഐ.ടി.ഐ.കളിൽ നിന്നും വിജയകരമായ പരിശീലനം പൂർത്തിയായിരിക്കണം. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതികൾ ഉപയോഗപ്പെടുത്തിയവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വിവിധ കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ മുഖേന 14,121 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ മുഖേനയുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>രജിസ്ട്രേഷൻ – 14,121<br>വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ - 166<br>ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ച ഉദ്യോഗാർത്ഥികൾ - 75<br>വ്യക്തിഗത മാർഗ്ഗ നിർദ്ദേശം - 5640<br>കരിയർ സെമിനാർ -158<br>കരിയർ ഗൈഡൻസ് ക്ലാസ് -174<br>(പങ്കെടുത്തവർ) - 15709<br>കോച്ചിങ് ക്ലാസുകൾ - 30<br>(പങ്കെടുത്തവർ) - 1636<br>ധനുസ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട്, പേരാമ്പ്ര കരിയർ ഡവലപ്പ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 200 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ കരിയർ ജാലകം ബുക്ക് ലെറ്റുകൾ എംപ്ലോയ്മെന്റ് വകുപ്പിന്റെ സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ഭാഗമായി നടത്തുന്ന വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>National Institute of Open School (NIOS) മുഖേന പ്ലസ് ടു തുല്യത നേടാവുന്ന പദ്ധതി, നടപ്പ് പരിശീലന വർഷം മുതലാണ് നടപ്പിലാക്കിയത്. 37 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**